എ 103/2021

നഗര കാർഷിക മൊത്തവിപണന കേന്ദ്രം,

വേങ്ങേരി, കോഴിക്കോട്,തിയ്യതി 02/09/2026

## ക്വട്ടേഷൻ/ ലേല നോട്ടീസ്

നഗര കാർഷിക മൊത്തവിപണന കേന്ദ്രത്തിലെ കൂൺ വിത്തുൽപ്പാദന കേന്ദ്രം 11 മാസക്കാലയളവിലേക്ക് വാടകക്ക് എടുക്കുവാൻ താത്പര്യമുള്ളവരിൽ നിന്ന് ക്വട്ടേഷൻ/ ലേല വ്യവസ്ഥയിൽ താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി ക്വട്ടേഷൻ ക്ഷണിച്ചുകൊള്ളുന്നു.

## വ്യവസ്ഥകൾ

1) ക്വട്ടേഷൻ മുദ്ര വെച്ച കവറിൽ 23-09-2026 രാവിലെ 11 മണി വരെ സ്വീകരിക്കുന്നതും, ആയത് അന്നേ ദിവസം രാവിലെ 11.30 ന് പരസ്യലേലത്തിന് ശേഷം അപ്പോൾ സന്നിഹിതരായിട്ടുള്ളവരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതുമായിരിക്കും.
2) നിശ്ചിത സമയപരിധിക്കകം 2000/- രൂപ നിരതദ്രവ്യം അടവാക്കി ക്വട്ടേഷൻ സമർപ്പിച്ചവർക്ക് മാത്രമേ പരസ്യലേലത്തിൽ പങ്കെടുക്കുവാൻ അവകാശമുണ്ടായിരിക്കുകയുള്ളു.
3) കൂൺ വിത്തുൽപ്പാദന കേന്ദ്രത്തിൻെറ അടിസ്ഥാന വാടക നിരക്കിനോ ( RS.2000/-) അതിൽ കുറവ് തുകക്കോ ക്വട്ടേഷൻ/ ലേലം നടന്നുള്ളുവെങ്കിൽ ആയത് റദ്ദ് ചെയ്യുന്നതായിരിക്കും.
4) ലേലതുക, തുകയുടെ 10% ഫെസിലിറ്റേഷൻ ചാർജ്ജ്, 18% ജി.എസ്.ടി എന്നിവ ചേർന്ന തുകയുടെ 5 ഇരട്ടി സെക്യൂരിറ്റി ഡെപ്പോസിറ്റായി അടവാക്കേണ്ടതാണ്.
5) ക്വട്ടേഷൻ/ ലേലം ഉറപ്പിക്കുന്ന തുക അടിസ്ഥാന വാടക ആയിരിക്കുന്നതും, ടി തുകയുടെ 10% ഫെസിലിറ്റേഷൻ ചാർജ്ജ്, 18% ജി.എസ്.ടി എന്നിവ കൂടി ചേർത്ത് തുകയാണ് മാസം അടവാക്കേണ്ടത്. ലാബ് ആയതിനാൽ വൈദ്യുതിചാർജ്ജ് ഇതിന് പുറമേ അടവാക്കേണ്ടതാണ്. വാടകയും മറ്റു അനുബന്ധ ചാർജ്ജുകളും എല്ലാ മാസവും 15-ാം തിയ്യതിക്കകം ഓഫീസിൽ അടവാക്കി രശീത് കൈപ്പറ്റേണ്ടതാണ്.
6) ക്വട്ടേഷൻ/ലേലം ഉറപ്പിക്കുന്ന മുറക്ക് ഒരു മാസത്തെ മുൻകൂർ വാടകയും, മറ്റു അനുബന്ധ ചാർജ്ജുകളും, സെക്യൂരിറ്റി തുകയുടെ ( 1/3 ) ഉൾപ്പടെ അന്നേദിവസം അടവാക്കേണ്ടതും, 3 ദിവസത്തിനുള്ളിൽ മാർക്കറ്റ് വ്യവസ്ഥ ചെയ്യുന്ന നിബന്ധനകൾ ഉൾപ്പെടുത്തി ശേഷിക്കുന്ന സെക്യൂരിറ്റി തുക അടച്ച് കരാർ വെക്കേണ്ടതുമാണ്.
7) കരാർ കാലാവധി തീരുന്ന മുറക്ക് ആയത് പുതുക്കി നൽകാനുള്ള തീരുമാനം സെക്രട്ടറിയിൽ നിക്ഷിപ്തമായിരിക്കും. കരാർ വ്യവസ്ത ലംഘിക്കുന്ന പക്ഷം മുൻകൂർ അറിയിപ്പ് തരാതെ കൂൺ വിത്തുൽപ്പാദന കേന്ദ്രം മാർക്കറ്റിലേക്ക് തിരിച്ചെടുക്കാൻ സെക്രട്ടറിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.
8) മറ്റു സർക്കാർ ക്വട്ടേഷൻ/ലേലത്തിനുള്ള എല്ലാ നിയമവ്യവസ്ഥകളും ഈ ക്വട്ടേഷൻ/ ലേല പരസ്യത്തിനും ബാധകമായിരിക്കും.
9) ക്വട്ടേഷൻ/ലേല നാൾ ഓഫീസ് അവധിയാവുന്ന പക്ഷം അടുത്ത പ്രവൃത്തി ദിവസം അതേ സമയത്ത് ക്വട്ടേഷൻ/ലേല നടപടികൾ തുടരുന്നതായിരിക്കും.
10) മാർക്കറ്റിൻെറ മുൻകൂർ അനുവാദം ഇല്ലാതെ ലാബ് കൈമാറ്റം ചെയ്യുകയോ പുതിയ പാർട്ണർമാരെ ഉൾപ്പെടുത്തുകയോ, ലാബിൻെറ നടത്തിപ്പവകാശം വിട്ടു നൽകുവാനോ പാടുള്ളതല്ല.
11) വാടകക്ക് അനുവദിച്ച ലാബിൽ ഇപ്പോഴത്തേതിൽ നിന്നും വ്യത്യസ്തമായി ഘടനപരമായ മാറ്റങ്ങളോ, നിർമ്മാണപ്രവർത്തനങ്ങളോ നടത്തുവാൻ പാടുള്ളതല്ല.

12) മാർക്കറ്റ് അധികാരികൾ ഏൽപ്പിച്ച് നൽകുന്ന മുഴുവൻ ലാബ് ഉപകരണങ്ങളുടെയും ഉത്തരവാദിത്വം ഏറ്റെടുക്കുന്നവർക്കായിരിക്കും. കേടുപാടുകൾ, നാശനഷ്ടങ്ങൾ എന്നിവക്കുള്ള നഷ്ടപരിഹാരം സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നും ഈടാക്കുന്നതാണ്.

13) സെക്രട്ടറിക്കോ, സെക്രട്ടറി അധികാരപ്പെടുത്തുന്ന മാർക്കറ്റ് ഓഫീസിലെ ഉദ്യോഗസ്ഥർക്കോ . ലാബ് ഏത് സമയത്തും പരിശോധിക്കുവാൻ അധികാരമുണ്ടായിരിക്കും.

14) മാർക്കറ്റിന്റെ സുഖമമായ പ്രവർത്തനത്തിനോ മറ്റ് ഓഫീസുകൾക്കോ ബുദ്ധിമുട്ടുണ്ടാവുന്ന രീതിയിലോ യാതൊരു പ്രവർത്തനവും ഉടമകളിൽ നിന്നും ഉണ്ടാകുവാൻ പാടുള്ളതല്ല. അങ്ങിനെ പരാതികൾ കിട്ടുന്ന പക്ഷം അന്വേഷണ വിധേയമായി നടപടി സ്വീകരിക്കുവാനുള്ള അധികാരം സെക്രട്ടറിയിൽ നിക്ഷിപ്തമായിരിക്കും.

15) മാലിന്യ സംസ്കരണം, പരിസര ശുചീകരണം എന്നിവയുടെ കാര്യത്തിൽ ഉടമ ജാഗ്രതയുള്ളവരായിരിക്കണം. ലാബ് പരിസരം സ്വന്തം നിലയിൽ ശുചീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം മാർക്കറ്റ് സ്വന്തം നിലയിൽ ശുചീകരിക്കുന്നതും, ആയതിന്റെ ചിലവ് തൊട്ടടുത്തമാസത്തെ ലൈസൻസ് ഫീസിനോടൊപ്പം വസൂൽ ചെയ്യുന്നതുമായിരിക്കും.

16) വൈദ്യുതി, വെള്ളം ലഭ്യത ഇല്ലായ്മ, മറ്റ് റിപ്പയർ പ്രവൃത്തികൾ ഉണ്ടെങ്കിൽ മാർക്കറ്റിൽ രേഖാമൂലം അറിയിക്കേണ്ടതും അതിന് ശേഷം നടപടികൾ സ്വീകരിക്കുന്നതുമായിരിക്കും.

17) ക്വട്ടേഷൻ കവറിന് പുറത്ത് താഴെ പറയുന്നവ രേഖപ്പെടുത്തേണ്ടതാണ്.

ക്വട്ടേഷൻ നമ്പർ - 103/2021

ക്വട്ടേഷൻ സമർപ്പിക്കുന്ന ആളുടെ പേരും, മേൽവിലാസവും

ക്വട്ടേഷൻ ലഭിച്ചിരിക്കേണ്ട അവസാന തിയ്യതിയും,സമയവും -23-09-2026 രാവിലെ11 മണി

ക്വട്ടേഷൻ തുറക്കുന്ന തിയ്യതിയും സമയവും - 23-09-2026 11.30 രാവിലെ മണി

ക്വട്ടേഷൻ സമർപ്പിക്കേണ്ട ഓഫീസറുടെ മേൽവിലാസം - സെക്രട്ടറി,

നഗര കാർഷിക മൊത്തവിപണന കേന്ദ്രം, വേങ്ങേരി

സെക്രട്ടറി

Secretary
(Joint Director of Agriculture)
Agriculture Urban Wholesale Market
Vengeri, Kozhikode-673010

പകർപ്പ് 1) ഓഫീസ് നോട്ടീസ് ബോർഡ്

2) എഫ്.ഐ.ബി, കോഴിക്കോട്

3) ആകാശവാണി, കോഴിക്കോട്

4) ജില്ലാ ഇൻഫോർമേഷൻ ഓഫീസർ, കോഴിക്കോട്

5) പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ കാര്യാലയം, കോഴിക്കോട്